**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 482** **10-02-2025-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. പി. സി. വിഷ്ണുനാഥ് (മുഖ്യമന്ത്രി)

**(എ)** 2016-21 ലെ സർക്കാരിന്റെ കാലത്ത് 78 മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**<u>മറുപടി:</u>** 2016-2021 കാലഘട്ടത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരുന്നു. പ്രസ്തുത കാലയളവിൽ കുടിശ്ശിക ഉൾപ്പടെയുള്ള പെൻഷൻ തുകകളാണ് വിതരണം ചെയ്തിരുന്നത്. കുടിശ്ശികയുടെ കാലയളവ് വ്യത്യസ്ത ഗുണഭോക്താക്കൾക്ക് വ്യത്യസ്ത രീതിയിലായതിനാൽ ആകെ കുടിശ്ശികയുടെ കാലയളവ് സംബന്ധിച്ച് ഒരു തീരുമാനത്തിലെത്തുകയെന്നത് വളരെയധികം പ്രയാസം സൃഷ്ടിച്ചിരുന്നുവെന്ന് ഇൻഫർമേഷൻ കേരള മിഷൻ 2016-ൽ സർക്കാരിനെ അറിയിക്കുകയുണ്ടായി. സി & എ ജി നടത്തിയ 2011-12 മുതൽ 2014-15 വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ നടത്തിപ്പിന്റെ കാര്യക്ഷമതാ ഓഡിറ്റ് റിപ്പോർട്ടിൽ നിരീക്ഷിച്ചതു പോലെ, പ്രാദേശിക സർക്കാരുകൾ വഴി പെൻഷൻ വിതരണം ചെയ്തിരുന്ന മുൻകാലങ്ങളിൽ, മേൽനോട്ട സംവിധാനത്തിന്റെയും രേഖകളുടെയും അഭാവം ഉണ്ടായിരുന്നതിനാൽ വ്യത്യസ്ത പ്രാദേശിക സർക്കാരുകളിലും വ്യത്യസ്ത ഗുണഭോക്താക്കൾക്കും വിഭിന്ന രീതിയിലാണ് കുടിശിക ഉണ്ടായിരുന്നത്. ഒരു തദ്ദേശസ്ഥാപനത്തിൽ തന്നെ ഒരേ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് എല്ലാം തന്നെ ഒരേ കാലയളവ് വരെ അല്ല പെൻഷൻ തുക വിതരണം ചെയ്തിട്ടുള്ളത്. ഒരു സർക്കാർ കാലയളവ് എന്നത് ശരാശരി 60 മാസമാണ്. 2016-21 കാലഘട്ടത്തിൽ കുടിശ്ശിക തുക കൂടി വിതരണം ചെയ്തിരുന്നുവെന്നത് കണക്കിലെടുക്കുമ്പോൾ, ചില ഗുണഭോക്താക്കൾക്ക് 78-ൽ കൂടുതൽ തവണകളും മറ്റുചിലർക്ക് അതിൽ കുറവും കുടിശ്ശിക തുകയുൾപ്പടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്തിരുന്നുവെന്ന് അനുമാനിക്കാം. പെൻഷൻ വിതരണം നടത്തിയിട്ടുള്ള സർക്കാർ ഉത്തരവുകളുടെ വിവരം അനുബന്ധം -1 ആയി ചേർക്കുന്നു. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ധനകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ് (https://www.finance.kerala.gov.in)

**സെക്ഷൻ ഓഫീസർ**